മാതൃഭൂമി
30 January 2018

# കടലിൽ കൂടുമത്സ്യകൃഷി: പരിശീലന പരിപാടിക്ക് തുടക്കം



സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന ത്രിദിന പരിശീലന പരിപാടിയിൽ കടലിൽ മത്സ്യകൃഷി ചെയ്യുന്നതിനുള്ള കുടിന്റെ പ്രത്യേകതകൾ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ മത്സ്യത്തൊഴിലാളികളോട് വിശദീകരിക്കുന്നു

**കൊച്ചി** ▸ കടലിൽ മത്സ്യലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സമുദ്ര കൂടുകൃഷിയിലൂടെ മത്സ്യോത്പാദനം വർധിപ്പിക്കാനുള്ള പദ്ധതിയുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.). കടലിലെ കൂടുമത്സ്യകൃഷി സാങ്കേതിക വിദ്യകൾ മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനായി ആദ്യഘട്ട പരിശീലന പരിപാടി സി.എം.എഫ്.ആർ.ഐയിൽ ആരംഭിച്ചു.

രാജ്യത്ത് 5,000 മത്സ്യത്തൊഴിലാളികളെയാണ് സി.എം.എഫ്.ആർ.ഐ. പരിശീലിപ്പിക്കുന്നത്. കേരളത്തിൽ 1,000 പേർക്കാണ് പരിശീലനം. ആദ്യഘട്ട പരിശീലന പരിപാടി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ്. മഹേഷ് ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സാധാരണ മത്സ്യകൃഷിയേക്കാൾ 70 മടങ്ങ് ഉത്പാദനക്ഷമതയുള്ളതാണ് കൂടുമത്സ്യകൃഷിയെന്ന് അദ്ദേഹം പറഞ്ഞു.

മാരികൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബോബി ഇഗ്നേഷ്യസ് എന്നിവർ സംസാരിച്ചു.

എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നിന്നുള്ള കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തിരഞ്ഞെടുക്കപ്പെട്ട 50 മത്സ്യത്തൊഴിലാളികളാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നത്.